GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram - 695003

Website: fibkerala.gov.in

E-mail:piofibtvm@gmail.com

Telephone: 0471 - 2318186, 2317314

Editor Farm News – Dr. Amritha V.S

എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 03/11/2026

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളായണി, അമ്പലവയൽ കാർഷിക കോളേജുകളിൽ ഈ അധ്യയന വർഷം മുതൽ RF മോഡിൽ ആരംഭിക്കുന്ന ബി.എസ്.സി.(ഹോണേർസ്) ഹോർട്ടിക്കൾച്ചർ കോഴ്സിൻറെ ഒഴിവുള്ള സീറ്റുകളിലേക്ക് രണ്ടാം ഘട്ട സ്പോട്ട് അഡ്മിഷന് 06.11.2026 തിയ്യതിയിൽ തൃശ്ശൂർ വെള്ളാനിക്കര കാർഷിക സർവകാലശാലയുടെ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ വെച്ച്

നടത്തുന്നു. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.

2. റബ്ബർബോർഡിന് കീഴിലുള്ള നാഷണൽ ഇസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എ.ഐ.ആർ.റ്റി.) റബ്ബർപ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പിജി ഡിപ്ലോമ കോഴ്സ് നടത്തുന്നു. കൃഷി, സസ്യശാസ്ത്രം, ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി എന്നിവയിലേതിലെങ്കിലും ബിരുദം നേടിയവർക്ക് ഈ കോഴ്സിന് അപേക്ഷിക്കാം. പ്ലാന്റേഷൻമേഖല, കാർഷികമേഖല, റബ്ബറുത്പാദകസംഘങ്ങൾ, കമ്പനികൾ, ഫാം പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ എന്നിവയിലേതിലെങ്കിലും ജോലി ചെയ്യുന്നവരും ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവരുമായ പ്രൊഫഷണലുകൾക്കും അപേക്ഷിക്കാൻ അർഹതയുണ്ട്. ഏതെങ്കിലും വിഷയത്തിൽ ബിരുദം നേടിയശേഷം കൃഷി, ഫാക്ടറി മാനേജ്മെന്റ്, ഫാം മാനേജ്മെന്റ് എന്നിവയിലേതിലെങ്കിലും മൂന്നുവർഷത്തെ പ്രവൃത്തിപരിചയമുള്ളവർക്കും ഈ കോഴ്സിൽ ചേരാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 നവംബർ 15 ആണ്. വിശദാംശങ്ങൾ റബ്ബർബോർഡ് വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴ്സിന് രജിസ്റ്റർ ചെയ്യുന്നതിന് ഉദ്യോഗാർത്ഥികൾക്ക് വെബ്സൈറ്റിൽ ലഭ്യമായ ലിങ്ക് ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0481- 2353127, 6238092175 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പന്നി വളർത്തൽ എന്ന വിഷയത്തിൽ നവംബർ 5 ന് മൃഗസംരക്ഷണ കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെ സൗജന്യ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ എത്തുന്നവർ ആധാർകാഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി 0491- 2815454 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

4. റബർ ബോർഡിന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റബർ ടെയിനിങ് (എൻ.ഐ.ആർ.ടി.) റബർ പ്ലാന്റേഷൻ മാനേജ്മെന്റിൽ ഒരു വർഷത്തെ പി.ജി. ഡിപ്ലോമ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. കൃഷി, സസ്യശാസ്ത്രം, ബോട്ടണി, ഹോർട്ടികൾച്ചർ, ഫോറസ്ട്രി എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദം നേടിയവർക്ക് അപേക്ഷിക്കാം.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 15. കൂടുതൽ വിവരങ്ങൾക്ക് training@rubberboard.org എന്ന ഇ-മെയിൽ വിലാസത്തിലോ www.rubberboard.gov.in എന്ന വെബ്സൈറ്റ് വഴിയോ ബന്ധപ്പെടാം. അന്വേഷണങ്ങൾക്ക് 0481-2353127, 6238092175 എന്നീ ഫോൺ നംബറുകളിൽ ബന്ധപ്പെടുക.

5. റബ്ബർപാലിൽനിന്നുള്ള ഉൽപന്നനിർമാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർബാൻഡ്, കൈയ്യുറ, കയർ ഫോം, കാർപറ്റ് ബാക്കിങ്, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമാണവും ഗുണമേന്മാനിയന്ത്രണവും, റബ്ബർപാൽ സംഭരണം, ലാറ്റക്സ് കോമ്പൗണ്ടിങ്, ഉത്പന്നങ്ങളുടെ രൂപകൽപന, എന്നിവയിലുള്ള പരിശീലനം നവംബർ 06 വരെ കോട്ടയത്തെ പുതുപ്പള്ളിയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ടെയിനിങ്ങിൽ വെച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 0481-2353127, 9497487209, 04812353201 എന്നീ ഫോൺനമ്പറുകളിൽ ബന്ധപ്പെടുക.

6. കുമരകം പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ വിപണനശാലയിൽ വിവിധയിനം നടീൽ വസ്തുക്കളും തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. സിന്ദൂർ, വിയറ്റ്നാം ഇനങ്ങളിൽപ്പെട്ട പ്ലാവിൻ തൈകൾ, ഹരിതം ഇനത്തിലുള്ള കുടംപുളി, ഒൻപത് മാസം

പ്രായമായ ഹൈബ്രിഡ് തെങ്ങിൻ തൈകളായ കേരളശങ്കര, കേരളഗംഗ എന്നിവയാണ് വിൽപ്പനയ്ക്കുള്ളത്. തൈകൾ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്കും വാങ്ങുന്നതിനുമായി **9447703321** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

7.